"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് - ഇൻവെർട്ടറുകൾ വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.**1384/2025/LBR** തീയതി,തിരുവനന്തപുരം, **06-12-2025**

---

പരാമർശം:-
1. **12/05/2025**-ലെ സ.ഉ.(കൈ) നമ്പർ **13/2015**/ഐ.റ്റി.ഡി.
2. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ **29/08/2025, 21/10/2025** തീയതികളിലെ **TWWFB/CEO/111/2023-A3** നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ കാര്യാലയങ്ങളിലേക്ക് ഇൻവെർട്ടറുകൾ വാങ്ങുന്നതിന് **19/03/2024**-ന് ചേർന്ന ടെക്നിക്കൽ കമ്മറ്റി യോഗം ശിപാർശ ചെയ്തത് പ്രകാരം **25/03/2024**-ലെ **191(28)**-ാം ബോർഡ് യോഗം തീരുമാനമെടുത്ത്, കെൽട്രോൺ **CPRCS**-നെ സമീപിച്ചതിൽ **1KV UPS (Inverter)** ലഭ്യമല്ലെന്ന് അറിയിച്ചതിനെ തുടർന്ന് **19/08/2025**-ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, **14** ജില്ലാ ഓഫീസുകളിലേക്കും **4** മണിക്കൂർ ബാക്കപ്പ് സൗകര്യമുള്ള ബാറ്ററിയോടു കൂടിയ **1KV** ഇൻവെർട്ടറും **(14** എണ്ണം), ചീഫ് എക്സിക്യൂട്ടീവ് ഓഫീസിലേക്ക് **5** മണിക്കൂർ ബാക്കപ്പ് സൗകര്യമുള്ള ബാറ്ററിയോടു കൂടിയ **4-5 KV** ഇൻവെർട്ടറും **GeM** പോർട്ടൽ മുഖേന വാങ്ങുന്നതിനുള്ള അനുമതിയ്ക്കായി കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ **29/08/2025**-ലെ പരാമർശം **(2)** കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

**2. GeM** പോർട്ടലിൽ **1-1.5 KV** ഇൻവെർട്ടർ ഒന്നിന് ഏകദേശം **5,500/-** രൂപയും **4-5.5 KV** ഇൻവെർട്ടർ ഒന്നിന് ഏകദേശം **23,994/-** രൂപ മുതൽ **33,099/-** രൂപ വരെയും വിലവരുന്നതായും, ഇൻവെർട്ടർ ബാറ്ററി **GeM** പോർട്ടലിൽ ലഭ്യമല്ലെന്നും, പൊതുവിപണിയിൽ അതിന് ഏകദേശം **13,399/-** രൂപ മുതൽ **23,299/-** രൂപ വരെ വിലവരുന്നുണ്ടെന്നും, **21/10/2025**-ലെ കത്ത് പ്രകാരം ചീഫ് എക്സിക്യൂട്ടീവ്

ഓഫീസർ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ ഓഫീസുകളിലേക്കായി 1-1.5 KV ഇൻവെർട്ടറും (14 എണ്ണം) ചീഫ് ഓഫീസിലേക്ക് 4-5.5 KV ഇൻവെർട്ടറും (ഒരെണ്ണം) GeM Portal മുഖേന വാങ്ങുന്നതിനും, CPRCS-ലും GeM Portal-ലും ഇൻവെർട്ടർ ബാറ്ററികൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, ബോർഡിന്റെ വിവിധ ഓഫീസുകളിലേക്ക് വേണ്ട ആകെ ബാറ്ററികളുടെ എണ്ണം തിട്ടപ്പെടുത്തിയ ശേഷം, ആവശ്യമായിവരുന്ന തുക 5 ലക്ഷം രൂപയിൽ കുറവാണെങ്കിൽ സുതാര്യമായ ടെൻഡർ നടപടികൾ പാലിച്ചുകൊണ്ട് ഓപ്പൺ ടെൻഡർ മുഖേനയും, 5 ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ സർക്കാരിന്റെ e-tenders വെബ്സൈറ്റ് മുഖേനയും ടെൻഡർ ക്ഷണിച്ച് അവ വാങ്ങുന്നതിനും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമ്യാ കുമാരി എൽ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, തിരുവനന്തപുരം (അറിവിലേയ്ക്കായി).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നമ്പർ LBRD-H1/169/2025-LBRD).

ഉത്തരവിൻ പ്രകാരം

Signed by Abhilash R P
Date: 06-12-2025 15:21:21

സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.